മാതൃഭൂമി

Seed

പ്രസിദ്ധീകരണം

ആകാശപ്പച്ച

പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
Leaf - 34 July 2024

ആകാശപ്പച്ച

CONTENTS

എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16

Cover photo: PTI

പഴങ്ങളുടെ രാജാവിന് ഒരു ദിവസം

ദേശീയ മാമ്പഴദിനം: ജൂലൈ 22

പഴങ്ങളുടെ രാജാവായ മാമ്പഴത്തിന് ഒരു ദിനമുണ്ട്– ജൂലായ് 22. അന്നാണ് ദേശീയ മാമ്പഴദിനം ആഘോഷിക്കുന്നത്. ഇന്ത്യക്കാരുടെ സ്വന്തം പഴമായ മാങ്ങ രുചിവൈവിധ്യത്തിൽ ഏറെ മുന്നിലാണ്. ഇന്ത്യൻ സംസ്കാരത്തിന്റെ ഒരു പ്രധാന ഭാഗമാണ് മാമ്പഴം. ഏകദേശം 5,000 വർഷങ്ങളായി നമ്മുടെ രാജ്യത്ത് മാവ് കൃഷി ചെയ്യുന്നു. പലപ്പോഴും ഉത്സവങ്ങളിലും ആചാരങ്ങളിലും മാമ്പഴം ഉപയോഗിക്കുന്നുമുണ്ട്. നാരുകൾ ധാരാളമടങ്ങിയ മാമ്പഴത്തിൽ പലതരം വിറ്റാമിനുകളുമുണ്ട്. മാമ്പഴത്തിലെ വിറ്റാമിനുകളും ആന്റിഓക്സിഡന്റുകളും ചർമ്മത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ സഹായകമാണ്. മാമ്പഴ പ്രദർശനം, മാമ്പഴപാചകം, മാമ്പഴ പോസ്റ്റർ, മാമ്പഴക്കവിത തുടങ്ങി പലവിധത്തിൽ നമുക്ക് മാമ്പഴദിനം ആഘോഷിക്കാം.

എഡിറ്റോറിയൽ

മനുഷ്യർ അറിയണം മഴയുടെ ശക്തി

ചെറിയൊരു ചുറ്റളവിൽ അതിശക്തമായ മഴ തുടർച്ചയായി പെയ്യുന്നതാണ് കേരളം ഇപ്പോൾ നേരിടുന്ന കാലാവസ്ഥാ പ്രശ്നങ്ങളിൽ പ്രധാനം. ഒറ്റദിവസം കൊണ്ടുതന്നെ പല പ്രദേശങ്ങളും വെള്ളത്തിനടിയിലാവും. മഴയുടെ ശക്തി കൊണ്ട് മാത്രമല്ല ഇത് സംഭവിക്കുന്നത്. ഓടകളും മറ്റും അടഞ്ഞ് വെള്ളം ഒഴുകിപ്പോകാത്തതു കൊണ്ടു കൂടിയാണ് വെള്ളപ്പൊക്ക പ്രശ്നം രൂക്ഷമാവുന്നത്. മഴയുടെ ശക്തി കുറയ്ക്കാൻ എല്ലായിടത്തും നിറയെ മരങ്ങൾ നട്ടുവളർത്തുകയാണ് ശരിയായ പോംവഴി. വെള്ളം ഒഴുക്കിപ്പോകുന്നതിലും ശാസ്ത്രീയ സമീപനം പാലിക്കണം. ചെറിയ തോതിൽ പെയ്യുന്ന മഴവെള്ളം ഭൂമിയിലേക് താഴ്ന്ന്ഇറങ്ങാൻ അനുവദിക്കണം. എന്നാൽ അതിശക്തമായ മഴ പെയ്ത് വെള്ളം ക്രമാതീതമായി ഉയരുമ്പോൾ സുഗമമായും വേഗത്തിലും ഒഴുകിപ്പോകാനള്ള സൗകര്യവും ഒരുക്കണം. ഇങ്ങനെ കാലാവസ്ഥയെ മെരുക്കുന്നതിൽ നമ്മൾ ശാസ്ത്രീയ സമിപനം സ്വീകരിച്ചാൽ പ്രളയവും വരൾച്ചയും മൂലം ഉണ്ടാകാനിടയുള്ള കെടുതികൾ കറയ്ക്കാൻ കഴിയും.

കാട്ടിലെക്കാര്യം

ഹരിത നിത്യത

നിത്യഹരിതവനമാണ് സൈലന്റ് വാലി. പല അടുക്കുകളായുള്ള സസ്യ – ജന്തുജീവിതംഇവിടുത്തെ പ്രത്യേകതയാണ്. ഏറ്റവും മുകളിലുള്ള മരങ്ങളുടെ ഇലകൾ വീതികുറഞ്ഞ് നേർത്തതാണ്. താഴേക്ക് വരുന്തോറും വീതി കൂടിയ ഇലകൾ കാണപ്പെടുന്നു. ഓരോ വലിയമരത്തെയും ആശ്രയിച്ച് നിരവധി ചെറുജീവികൾ നിലനിൽക്കുന്നു. ബാക്ടീരിയ, ഫംഗസ് തുടങ്ങിയവ മുതൽ പ്രാണികളും വണ്ടുകളും അണ്ണാനും കുരങ്ങനും തുടങ്ങി മരത്തെ ആശ്രയിക്കുന്ന പുലികൾ വരെയുണ്ട് ഇക്കൂട്ടത്തിൽ. വംസനാശ ഭീഷണി നേരിടുന്ന സിംഹവാലൻ കുരങ്ങുകളിൽ പകുതിയും ഇവിടെയാണുള്ളത്. നിത്യഹരിതവനമെന്ന വിചിത്രലോകത്തിന്റെ മികച്ച ഉദാഹരണമാണ് സൈലന്റ് വാലി.

Photo: Gireeshkumar C.R.

ഉമനന്ദ വിനോദ്
അമൃത സെന്റ് മേരീസ്
റസിഡൻഷ്യൽ സെൻട്രൽ സ്കൂൾ
ആലപ്പുഴ

മഴക്കാലം എന്ന് കേൾക്കുമ്പോൾ നമ്മുടെ ഓർമയിൽ കുളിരുള്ള ഓർമ്മകൾ നിഞ്ഞിരുന്നു.എന്നാൽ ഇന്ന് ഭീതിയുടെ കാർമേഘങ്ങളാണ് മനസ്സിലെത്തുന്നത്. നമ്മൾ തന്നെയാണ് ഈ അവസ്ഥയ്ക്ക് കാരണക്കാർ. കെട്ടിടങ്ങൾ പണിയുന്നതിനും വഴികൾ നിർമ്മിക്കുവാനും കൃഷിയിടങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമായി മരങ്ങൾ കൂട്ടത്തോടെ മുറിച്ച് മാറ്റുന്നു. മണ്ണിനെ ഉറപ്പോടും ശക്തിയോടും കൂടി പിടിച്ച് നിർത്തേണ്ട കൈകൾ കൂടിയാണ് അപ്പോൾ മുറിക്കപ്പെടുന്നത്. ഭൂമി തട്ടുതട്ടായി തിരിച്ചുള്ള കൃഷിരീതിയിലൂടെയും മരങ്ങൾ വെച്ച് പിടിപ്പിക്കുന്നതിലൂടെയും മണ്ണിടിച്ചിൽ തടയാനാവും. മുറ്റത്തും മൈതാനത്തുമെല്ലാം വ്യത്യസ്ത തറയോടുകൾ പാകുന്ന ശീലം വർധിച്ചു വരികയാണ്. ഇത് മണ്ണിലേക്കുള്ള ജലത്തിന്റെ സ്വാഭാവിക കിനിഞ്ഞിറങ്ങലിനെ തടസപ്പെടുത്തുന്നു. കൂടാതെ കുത്തിയൊലിച്ച് ചെല്ലുന്ന ഈ ജലം ജലസ്രോതസ്സുകൾ നിറയ്ക്കുകയും അവയുടെ കവിഞ്ഞൊഴുകലിന് കാരണമാവുകയും ചെയ്യുന്നു. മരങ്ങൾ നട്ടുവളർത്തുന്നതിലൂടെയും മണ്ണിന്റെ സ്വാഭാവികത സംരക്ഷിക്കുന്നതിലൂടെയും പല പ്രകൃതിദുരന്തങ്ങളും നമുക്ക് ഒഴിവാക്കാൻ കഴിയും.

മാതൃഭൂമി
ആകാശപ്പച്ച
2024 ജൂലായ്

ദേവിക ഷാജി
സരസ്വതി വിദ്യാപീഠം, വെള്ളയാംകുടി
ഇടുക്കി

Common jezebel

Photo: P. Jayesh

വിലാസിനി

പ്രകൃതിയുടെ നിറച്ചാർത്തായ ചിത്രശലഭങ്ങൾ പറക്കുന്ന അത്ഭുതങ്ങളാണ്. എല്ലാവരുടെയും ബാല്യകാല ഓർമ്മകളിൽ ഒരു ചിത്രശലഭമെങ്കിലും ചിറകുകൾ വീശി പൂമ്പൊടി തേടി പറക്കുന്നുണ്ടാകും. എണ്ണിയാൽ ഒടുങ്ങാത്ത ശലഭങ്ങൾക്ക് ഇടയിൽ നിറങ്ങൾ കൊണ്ട് പെട്ടെന്ന് ശ്രദ്ധ നേടുന്ന ശലഭമാണ് വിലാസിനി. ചിറകിലെ കറുത്ത വരകൾക്ക് ഇടയിൽ വെള്ളയും മഞ്ഞയും ഓറഞ്ചും വർണ്ണങ്ങൾ നിറഞ്ഞ ഈ ശലഭം തെക്ക് കിഴക്കൻ ഏഷ്യയിലാണ് കൂടുതലും കാണപ്പെടുന്നത്. 'പിയറി ഡേ 'കുടുംബത്തിൽപ്പെട്ട വിലാസിനിയുടെ ശാസ്ത്രനാമം 'ഡീലിയസ് യൂക്കറസ്' എന്നാണ്. കുന്നിൻ പുറങ്ങളിലും മറ്റ് ഉൾപ്രദേശങ്ങളിലും കാടുകളിലും മഴക്കാടുകളിലും ഇവയെ കാണാം. ഇത്തൾക്കണ്ണിയും മറ്റു ചെടികളുടെ പൂമ്പൊടിയുമാണ് ഇവയുടെ പ്രിയഭക്ഷണം.

ദിയ ടി.
ജി.എച്ച്.എസ്.എസ്. കരുവാരകുണ്ട്
മലപ്പുറം

ഈ ഫോട്ടോ കാണാം

മണ്ണേ നമ്പി മരമിരിപ്പൂ....
മരത്തെ നമ്പി ഇലയിരിപ്പൂ...



സാരംഗ് എ.പി.
ചെന്ത്രാപ്പിന്നി ഹയർസെക്കണ്ടറി സ്കൂൾ
തൃശൂർ

കൃഷിക്കാര്യം

കൂർക്കകൃഷി

കൂർക്ക നമ്മൾ നട്ടാൽ ശരിയാകുമോ എന്ന ചിന്തയുണ്ടോ? ഈ പറയുന്ന രീതിയിൽ ഒന്ന് ശ്രമിച്ചു നോക്കൂ. മലയാളികളുടെ തിരുവാതിര ഞാറ്റുവേലക്കാലം, ഇതാണ് കൂർക്ക നടാൻ ഏറ്റവും ഉചിതം. തണ്ടുകളാണ് നടീൽ വസ്തു. ഉപയോഗശൂന്യമായ പി.വി.സി. പാത്തികളാണ് മട്ടുപ്പാവിലെ കൂർക്ക കൃഷിക്ക് നല്ലത്. ഇതിന്റെ രണ്ടറ്റവും പ്ലാസ്റ്റിക് കവർ കൊണ്ട് അടയ്ക്കണം. ടെറസ്സിൽ വീഴുന്ന ഉണങ്ങിയ ഇലകൾ,മുറിച്ചു കഷണങ്ങളാക്കിയ കളകൾ, ടെറസിലെ പായൽ തുടങ്ങിയ ജൈവവസ്തുക്കൾ പാത്തിയിൽ പകുതികനം വരെ നിറയ്ക്കുക. അതിന് മുകളിൽ ചെറിയ കനത്തിൽ മണ്ണ് വിതറാം. അല്പം കുമ്മായവും ചേർക്കണം. ഇതിലേക്കാണ് കൂർക്കയുടെ തണ്ടുകൾ കുത്തിക്കൊടുക്കേണ്ടത്. രണ്ടുമൂന്ന് ആഴ്ചകൾക്കുള്ളിൽ നിറയെ തണ്ടുകൾ വരും. ആ തണ്ടുകളെ മണ്ണിലേക്ക് ചായ്ച്ചുവെച്ച് അതിനു മുകളിൽ വീണ്ടും കുറച്ചു മണ്ണോ ജൈവ വസ്തുക്കളോ ഇട്ടു കൊടുക്കണം. വളരെ പെട്ടെന്നുതന്നെ കൂർക്കച്ചെടികൾ മനോഹരമായി പടർന്നു വളരും. നല്ല വിളവും തരും.

രഞ്ജൻ പി.
ചാവറ ദർശൻ സി.എം.ഐ പബ്ലിക് സ്കൂൾ
കൂനമ്മാവ്, എറണാകുളം

നന്മ അളക്കുന്ന ഗ്രാമം

*കുങ്കുമം പൂക്കും കുന്നിന്മേലൊരു കുഞ്ഞിളം കിളി പാടുന്നു
അമ്പലംചുറ്റിയെത്തും പ്രാവുകൾ ആരദ്യൻ പൊൻപാടംകൊയ്യുന്നു
വെള്ളിയാഴ്ച പുലർച്ചയോ... പുള്ളോർ പൂക്കുടം കൊട്ടുന്നു
നാഴിയിൽ മുളനാഴിയിൽ ഗ്രാമം നന്മമാത്രമളക്കുന്നു...*

ഗിരീഷ് പുത്തഞ്ചേരിയുടെ തൂലികയിൽ വിരിഞ്ഞ ദേവകന്യക എന്നു തുടങ്ങുന്ന ഗാനത്തിലെ ഈ പ്രകൃതിവർണന ഈണത്തിൽ കാതുകളിലെത്തുമ്പോൾ ഒരു ചെറുപുഞ്ചിരിയുടെയല്ലാതെ കേട്ടിരിക്കാൻ കഴിയില്ല. മഴയും കാറ്റും മണ്ണും മരങ്ങളും എല്ലാം മികവോടെ ഇഴചേർന്നപ്പോൾ അവ ചേക്കേറിയത് ഓരോ മലയാളിയുടെയും മനസ്സിലേക്കാണ്. ഇന്നും ഗൃഹാതുരത്വത്തിന്റെ മധുരസ്മരണകളുണർത്തുന്ന ഈ ഗാനം മായാതെ ,മറയാതെ മനസ്സിൽ സ്ഥാനമുറപ്പിക്കുന്നു. ജോൺസൺമാഷ് സംഗിതം നൽകിയ ഗാനം ഈ പുഴയും കടന്ന് എന്ന ചിത്രത്തിലേതാണ്.

ആദിത്യ വി
ബാപ്പുജി ഇംഗ്ലീഷ് മീഡിയം സ്കൂൾ, പറളി
പാലക്കാട്

മുറികൂട്ടി

ഒരു അലങ്കാരച്ചെടിയായി നമ്മുടെ ഉദ്യാനങ്ങളിൽ കാണപ്പെടുന്ന ഈ സസ്യം മുറികൂട്ടി അഥവാ ഹെമി ഗ്രാഫിസ് കൊളറാറ്റ എന്ന് അറിയപ്പെടുന്നു. ആറു മുതൽ 10 സെൻറീമീറ്റർ വരെ നീളമുള്ള, വയലറ്റും പച്ചയും കലർന്ന നിറത്തിലുള്ള ഇലകളാണ് ഈ സസ്യ ത്തിനുള്ളത്. ചെറിയ വെളുത്ത പൂക്കൾ ഉണ്ടാകുന്നു. ഗണ്യമായ അളവിൽ ബയോ ആക്ടീവ് സംയുക്തങ്ങൾ അടങ്ങിയിട്ടുള്ളതിനാൽ ഈ സസ്യത്തെ മരുന്നുകളുടെ ഉറവിടമായി ഉപയോഗപ്പെടുത്തുന്നു. ഇതിന് ആന്റിബ ക്ടീരിയൽ, ആന്റി ഡയബറ്റിക്, മുറിവുണക്കൽ, ആന്റി ഓക്സിഡൻറ് പ്രവർത്തനങ്ങൾ ഉണ്ട്. അതിനാൽ ഇതുപയോഗിച്ച് നമ്മുടെ മുറിവുകൾ വേദന കൂടാതെ പെട്ടെന്നുണക്കാം. അലങ്കാരസസ്യമായും ഔഷധമാ യും നമ്മുടെ ഉദ്യാനങ്ങളിൽ വളരെ ചെലവ് കുറഞ്ഞ രീതിയിൽ ഇത് വളർത്താം.

വേദിക പി. നായർ
ഇളംകാവ് വിദ്യാമന്ദിർ
കോട്ടയം

തെറ്റ് ശരി

കയ്പ്പും മധുരവും

'മൂത്തവർ ചൊല്ലും
മുതുനെല്ലിക്കേം
ആദ്യം കയ്ക്കും
പിന്നെ മധുരിക്കും'

നെല്ലിക്ക മധുരത്തെയല്ല, ഈ പഴഞ്ചൊൽ അർത്ഥമാക്കുന്നത്, അനുഭവങ്ങളുടെ മധുരത്തെയാണ്. പഴയ തലമുറ പുതിയ തലമുറയിലേക്ക് അവരുടെ അനുഭവങ്ങൾ കൈമാറുമ്പോൾ അവയെ അവഗണിക്കാതെ അതിലെ യാഥാർഥ്യങ്ങൾ ഉൾക്കൊള്ളണം. പുതിയ തലമുറ, പഴയ തലമുറയുടെ വാക്കുകൾ പലപ്പോഴും മുഖവിലക്ക് എടുക്കാറില്ല. ഓൾഡ് ജനറേഷൻ എന്ന രീതിയിൽ അവയെ അവഗണിക്കുകയാണ് ചെയ്യുന്നത്. അത് ശരിയായ പ്രവണതയല്ല , പഴയതലമുറയിലെ അനുഭവപരിചയം അവരുടെ വാക്കുകളിലും ഉണ്ടാകും. ആദ്യം അല്പംബുദ്ധിമുട്ട് തോന്നിയാലും പിന്നീട് മധുരം നൽകുന്ന ബുദ്ധിപരമായ നിർദ്ദേശങ്ങളാവും അവയിൽ മിക്കതും.

ജോയൽ ജോയ്
സെന്റ് ജോൺസ് ഹൈസ്കൂൾ
ഇരവിപുരം, കൊല്ലം

ലോകം എങ്ങനെ

ഒന്നായി രക്ഷിക്കാം ഭൂമിയെ

പലതരം മാലിന്യങ്ങൾ നമ്മുടെ ഭൂമിയുടെ നിലനിൽപ്പിനെത്തന്നെ ബാധിച്ചിരിക്കുകയാണ്. ജൈവമാലിന്യം, അജൈവമാലിന്യം, രാസമാലിന്യം ഇവ മൂലം പരിസ്ഥിതി മലിനീകരണവും അന്തരീക്ഷ മലിനീകരണവും ഉണ്ടാകുന്നു. ഭക്ഷ്യവസ്തുക്കൾ പാഴാക്കാതിരുന്നാൽ ജൈവമാലിന്യം കുറക്കാം. ബാക്കിയുള്ളവ വളമായോ മറ്റു രീതികളിലോ പുനരുപയോഗിക്കാം. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളെ പൂർണ്ണമായും പുനരുപയോഗം ചെയ്യാൻ നമുക്ക് സാധിക്കുന്നില്ല. ഫാക്ടറികളിൽ നിന്നും പുറന്തള്ളുന്ന രാസമാലിന്യങ്ങൾ ജലത്തേയും ജലജീവികളേയും മണ്ണിനേയും നശിപ്പിച്ചു കൊണ്ടിരിക്കുന്നു. ഫാക്ടറികളും താപനിലയങ്ങളും പുറന്തള്ളുന്ന രാസമാലിന്യങ്ങൾ അന്തരീക്ഷത്തിൽ അനുദിനം വർദ്ധിക്കുകയാണ്. ഇതിന് പുറമേ പ്ലാസ്റ്റിക് കത്തിക്കുമ്പോഴുണ്ടാകുന്ന പുകയും അന്തരീക്ഷ മലിനീകരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നു. ഇത് ഓസോൺ പാളികളിൽ വിള്ളലുണ്ടാക്കുകയും അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ പതിക്കാനിടയാക്കുകയും ചെയ്യുന്നു. ഇതു മൂലം ചൂടുകൂടും, കാർഷികോത്പാദനം കുറയും, ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകും, സമുദ്രനിരപ്പ് ഉയരും. നദികൾ വറ്റും. ജലക്ഷാമവും വരൾച്ചയും ഉണ്ടാകും. ഇതിൽ നിന്നെല്ലാം രക്ഷനേടാൻ നമുക്ക് കഴിയുന്നത്ര മരങ്ങൾ നടാം.

ജെയിൻ റൊണാൾഡ്
സെൻറ് മേരീസ് റെസിഡൻഷ്യൽ
പബ്ലിക് സ്കൂൾ
തിരുവല്ല, പത്തനംതിട്ട

പൂവറിവ്

കാറ്റാടിപ്പൂക്കൾ

റാനുൻകുലേസി എന്ന പൂച്ചെടികൾ ബട്ടർകപ്പ് കുടുംബം എന്നാണ് അറിയപ്പെടുന്നത്. കാറ്റാടിപ്പൂക്കൾ എന്നും ഇവയ്ക്ക് വിളിപ്പേരുണ്ട്. ഉപ ഉഷ്ണമേഖലാപ്രദേശങ്ങളിലും മിതശീതോഷ്ണപ്രദേശങ്ങളിലും ഇവ കാണപ്പെടുന്നു. അതിലോലമായതും വർണ്ണാഭവുമായ പൂക്കളാണ് ഇവക്കുള്ളത്. കപ്പ് ആകൃതിയിലുള്ള പൂക്കളാണ് ഇവയെ വ്യത്യസ്തമാക്കുന്നത്. വെള്ള, പിങ്ക്, പർപ്പിൾ, ചുവപ്പ്, നീല നിറങ്ങളുടെ ഷേഡുകളിൽ അനിമോൺ പൂക്കൾ കാണപ്പെടുന്നു. ഇനത്തിനനുസരിച്ച് പൂക്കളുടെ വലുപ്പത്തിനും വ്യത്യാസമുണ്ടാവും. നല്ല നീർവാർച്ചയുള്ള മണ്ണും മിതമായ സൂര്യപ്രകാശവുമുള്ള വനപ്രദേശങ്ങളിലും പുൽമേടുകളിലും പൂന്തോട്ടങ്ങളിലും ഇവ തഴച്ചുവളരുന്നു.

ദേവനന്ദ സി.
ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,
പല്ലശ്ശേരി. കണ്ണൂർ

വർണച്ചിറക്

കവിത

തുമ്പ

വെണ്മയിൽ വെണ്മയാം മനമുള്ള പൂവേ
മാബലിക്കാലത്തിൻ നന്മയാം നിറമേ
പൂവേ നിനക്കെന്തു മോഹം?
വഴിവക്കിലൊറ്റയ്ക്കിരിക്കുന്ന
തുമ്പച്ചെടിത്തലപ്പൊന്നുയർത്തി...
പോയ കാലത്തിന്റെ പെരുമയില്ല,
പൊയ്പ്പോയ പെരുമതൻ വസന്തമില്ല,
വാഴ്ത്തുപാട്ടേറ്റേറ്റുപാടുന്നതു കേട്ട്
കുളിരു കോരിത്തരിക്കുന്നതില്ല,
മോഹമുണ്ടെന്നേയെനിക്കും,
ഒറ്റയ്ക്കിരുന്നു മടുത്തു,
കൂട്ടത്തിൽ കൂടിയിരിക്കുമ്പോഴുള്ള
സുഖമൊന്നു നേടുവാൻ മോഹം,
ഓണമെത്തുമ്പോഴാ പത്തു കളങ്ങളിൽ
ഒന്നാകുവാനുണ്ടെനിക്കു മോഹം.

ഷാജി ചെമ്മരത്തൂർ,അധ്യാപകൻ
വീമംഗലം യു.പി.സ്കൂൾ
കോഴിക്കോട്

വർണച്ചിറക് | കഥ

കണ്ണീർപുളിപ്പ്

ഉച്ചയുറക്കം കഴിഞ്ഞ് പെട്ടെന്ന് എണീക്കണം. വിക്ടേഴ്സ് ചാനലിൽ ക്ലാസ് കാണണം. അങ്ങനെ കരുതി പാതിയുറക്കത്തിൽ തുടരുമ്പോഴാണ് വലിയ ഒരു ശബ്ദം ഉറക്കത്തെ തടസപ്പെടുത്തിയത്. ഓടി പിറകുവശത്തെത്തിയപ്പോൾ ഞാൻ ഞെട്ടിപ്പോയി. അവിടെ മുത്തശിമാവിനെ മുറിക്കാൻ ശ്രമിക്കയാണ് മരം വെട്ടുകാർ. ധരാളം പക്ഷികൾ കൂടു കൂട്ടുന്ന മാവാണത്. ഞാൻ അവരുടെ അടുത്തെത്തി "എന്തിനാ മരം മുറിച്ചേ?" എന്ന് ചോദിച്ചപ്പോൾ "മോളുടെ മുത്തശ്ശൻ പാറഞ്ഞിട്ട്" എന്നവർ മറുപടി തന്നു. ജനിച്ചപ്പോൾ മുതൽ കാണുന്ന മാവ്മുത്തശ്ശിയെ ഇനി കാണില്ലല്ലോ എന്ന സങ്കടവും മാമ്പഴം പെറുക്കാൻ കഴിയില്ലല്ലോ എന്ന സങ്കടവുമുണ്ടായിരുന്നു. വെട്ടിയിട്ട കമ്പുകൾ ഞാനൊന്നു നോക്കി, നിറച്ചും കുലകുലയായി മാങ്ങകൾ. ഞാൻ അതിനടുത്തേക്ക് ഓടിച്ചെന്നു. "അവസാനമായി കുറെ മാങ്ങകൾ കൂടി തന്നിട്ടാണല്ലോ നീ പോകുന്നത് എന്റെ മുത്തശി മാവേ..." വേദനയോടെയാണെങ്കിലും ഞാൻ ഒരു മാങ്ങാ എടുത്തു കടിച്ചു. അതൊരിറ്റ് കണ്ണുനീർ പുളിരസമായി ഉള്ളിലേക്ക് ചെന്നു.

കൃഷ്ണാഞ്ജലി എസ്. നമ്പ്യാർ
അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂൾ
കണ്ണൂർ

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം

വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

ഭൂമി
ആകാശത്തിന്റെ
അതിരിൽ
എഴുതുന്ന
കവിതകളാണ്
മരങ്ങൾ

Published by Mathrubhumi Seed